# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :2066 — 19.06.2012-ൽ മറുപടിയ്ക്ക്

## വികസന പ്രവർത്തനങ്ങളുടെ പേരിലുള്ള മരംമുറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഗീതാ ഗോപി | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങളുടെ പേരിൽ വ്യാപകമായി മരം മുറിച്ചു മാറ്റുന്നത് തടയുന്നതിന് എന്തൊക്കെ നിയമങ്ങളാണ് നിലവിലുള്ളത്; | എ) | പൊതു സ്ഥലങ്ങളിൽ മരം മുറിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ്കളാണ് സ:ഉ നം. (പി) 85/ 86/എഫ്.ഇ & ഡബ്ല്യു.എൽ.ഡി തീയതി 02.09.86, സ:ഉ നം. 32/2001/വനം തീയതി 26.04.2001, സ:ഉ (ആർ.ടി) നം. 68/10 വനം വന്യജീവി തീയതി 10.02.2010. |
| ബി) | ഇതിനായി സർക്കാർ ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ ഘടനയും പ്രവർത്തനാധികാരങ്ങളും വ്യക്തമാക്കാമോ; | ബി) | ഉണ്ട്. സർക്കാർ ഉത്തരവ് 68/10 വനം വന്യജീവി തീയതി 10.02.2010, സർക്കാർ ഉത്തരവ് 172/10 തീയതി 21.04.2010 ഉം പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ഘടനയും പ്രവർത്തനാധികാരവും താഴെ പറയുന്ന പ്രകാരമാണ്.<br>സമിതിയുടെ കൺവീനർ ഓരോ ജില്ലയിലെയും അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററാണ്. ചെയർമാനായി കോർപ്പറേഷന്റെ അധികാര പരിധിക്കുള്ളിൽ മേയറും, മുൻസിപ്പാലിറ്റി അധികാര പരിധിക്കുള്ളിൽ മുനിസിപ്പാലിറ്റി ചെയർമാനും, ജില്ലാ പഞ്ചായത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാണ്. സമിതിയുടെ അംഗങ്ങളായി കോർപ്പറേഷൻ മുൻസിപ്പൽ ഏരിയായിൽ കൗൺസിലറും, ജില്ലാ പഞ്ചായത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാണ്. കൂടാതെ ടൗൺ പ്ലാനർ, ഒന്നോ അതിൽ കൂടുതലോ എൻ.ജി.ഒകളും അംഗങ്ങളാണ്. |
| സി) | പ്രസ്തുത സമിതി രൂപീകൃതമായ ശേഷം ഇത്തരം എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അവയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | സി) | പ്രസ്തുത സമിതി രൂപീകൃതമായ ശേഷം 68 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കേസുകളിൽ ഫോറസ്റ്റ്/പോലീസ് ഡിപ്പാർട്ട്മെന്റ് അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ